(സി) ക്ലീൻ കേരള കമ്പനി പ്രധാനമായും മാലിന്യ സംസ്കരണ മേഖലകളിലെ മുഖ്യപ്രശ്നമായിട്ടുള്ള നാല് മേഖലകളിലാണ് നിലവിൽ പ്രവർത്തനം നടത്തുന്നത്. സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കുംകൂടി സഹായകരമായരീതിയിൽ മാലിന്യ സംസ്കരണം നടത്തുവാനാണ് കമ്പനിയുടെ ലക്ഷ്യം.

1. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം.
2. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം.
3. മാലിന്യങ്ങളിൽനിന്നും പ്രകൃതി വാതക ഉത്പാദനവും ബോട്ട് ലിംഗും
4. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ

(ഡി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ, അർദ്ധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

മൊബിലിറ്റി ഹബ്ബുകൾ

88 (2721) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കണമെന്ന പ്രഖ്യാപനം 2013-14-ലെ ബഡ്ജറ്റിൽ നടത്തിയിരുന്നുവോ ;

(ബി) ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കാമോ ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) എറണാകുളം ജില്ലയിലെ വൈറ്റിലയിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുവാൻ തീരുമാനിക്കുകയും അതിലേക്കായി ഒരു സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു. തൃശ്ശൂർ ജില്ലാ കളക്ടർ സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് സെക്രട്ടറി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനുമാണ്. 'കിൻഫ്ര'യുടെ കൈവശമുള്ള 10 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം മൊബിലിറ്റി ഹബ്ബിന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്. കോട്ടയത്ത് കോടിമാതയിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാകളക്ടറെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. ഹബ്ബ് സ്ഥാപിക്കുന്നതിനായി സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി

89 (2722) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ തൊഴിൽ ലഭ്യത ഉറപ്പാക്കിയ എത്ര കുടുംബങ്ങളുണ്ട് ;

(ബി) പദ്ധതി രൂപീകരണത്തിനുശേഷം ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവച്ച തുകയെത്ര ; ചെലവഴിച്ചതെത്ര ;

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കൂടിശ്ശികയിനത്തിൽ കൊടുത്തു തീർക്കാനുള്ള തുകയെത്രയെന്ന് പറയാമോ ;

(ഡി) ഇതിനകം എത്ര തൊഴിൽദിനങ്ങൾ ഓരോ വർഷവും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് ?

ഉത്തരം

(എ) അയ്യങ്കാളി പദ്ധതിപ്രകാരം 1,46,268- കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 47,872 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(ബി) അയ്യങ്കാളി പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 5 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയതിൽനിന്നും മുഴുവൻ തുക വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. 2013-14 സാമ്പത്തിക വർഷത്തിൽ 12.16 കോടിരൂപ വകയിരുത്തിയതിൽ 2,28,60,372 രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 30 കോടിരൂപയിൽ 7,48,30,354 രൂപ ചെലവഴിച്ചു. 2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 15 കോടിരൂപ വകയിരുത്തിയിട്ടുള്ളതാണ്.

(സി) കൂടിശ്ശികയിനത്തിൽ തൊഴിലാളികൾക്ക് 34,19,784 രൂപ കൊടുത്തു തീർക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly